# "നിക്ഷേപ സമാഹരണം- നവംബർ 2011"

## "സ്വദേശി നിക്ഷേപം"

*Email : keralarcs@coop.kerala.gov.in*
*Website: www.cooperation.kerala.gov.in*

നമ്പർ: സി.ബി. (1) 27371/11

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 31-10.2011.

## സർക്കുലർ നമ്പർ - 76/2011

വിഷയം : സഹകരണ വകുപ്പ് -"നിക്ഷേപ സമാഹരണം-നവംബർ 2011" "സ്വദേശി നിക്ഷേപം "- സഹകരണ മേഖലയിൽ പുതിയ നിക്ഷേപ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് അനുവാദം നൽകി നിർദ്ദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന : പലിശ സബ്കമ്മിറ്റിയുടെ 30-10-.2011 ലെ യോഗ തീരുമാനം.

......................

07.07.2011 ൽ ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസിലെ തീരുമാനപ്രകാരം രൂപീകരിക്കപ്പെട്ട സബ്കമ്മിറ്റിയുടെ 30-10-2011 ന് ചേർന്ന യോഗം നിക്ഷേപ സമാഹരണം നവംബർ 2011 കാലയളവിൽ "നിക്ഷേപം കുടുംബ ഭദ്രതയ്ക്ക്- ഒപ്പം നാടിന്റെ വികസനത്തിനും" എന്ന ക്യാമ്പയിന്റെ ഭാഗമായി നവംബർ 1 മുതൽ 30 വരെ, 101 ദിവസം, 201 ദിവസം, 301 ദിവസം, എന്നീ കാലാവധിയുള്ള പ്രത്യേക നിക്ഷേപ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചതിൻ പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്കിനും, ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും ടി നിക്ഷേപ പദ്ധതി"സ്വദേശിനിക്ഷേപം" എന്നപേരിൽ നടപ്പിലാക്കുന്നതിന് ഇതിനാൽ അനുവാദം നൽകുന്നു.

| നിക്ഷേപ കാലാവധി | പലിശ നിരക്ക് (ശതമാനത്തിൽ) | | |
|---|---|---|---|
| | സംസ്ഥാന സഹകരണ ബാങ്ക് | ജില്ലാ സഹകരണ ബാങ്കുകൾ | പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ |
| 101 പൂർണ്ണ ദിവസം | 9.25 | 9.50 | 9.75 |
| 201 പൂർണ്ണ ദിവസം | 9.50 | 9.75 | 10.00 |
| 301 പൂർണ്ണ ദിവസം | 9.75 | 10.00 | 10.25 |

ടി നിരക്കുകൾക്ക് പുറമേ, മുതിർന്ന പൗരൻമാർക്ക് 1/2 % (അര ശതമാനം) പലിശ കൂടുതൽ നൽകാവുന്നതാണ്.

പ്രത്യേക കാലാവധിക്കുള്ള നിക്ഷേപ പദ്ധതി ആയതിനാൽ നിശ്ചിത ദിവസം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ പലിശ നൽകേണ്ടതുള്ളു. *മറ്റ് കാലയളവുകളിലേക്കുള്ള നിക്ഷേപങ്ങൾക്ക് 51/2011 നമ്പർ സർക്കുലറിലെ നിരക്കുകൾ ബാധകമായിരിക്കും.*

ഒപ്പ്,
ഡോ: എസ്. രവീന്ദ്രൻ, ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ.

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
3. ചീഫ് ജനറൽ മാനേജർ, നബാർഡ്, റീജിയണൽ ഓഫീസ്, തിരുവനന്തപുരം.
4. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
5. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും,
6. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
7. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാസഹകരണ ബാങ്കുകൾ
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും, (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മുഖേന)
9. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും, (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
10. എല്ലാ പ്രാഥമിക വായ്പാസഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
11. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും
12. എഡിറ്റർ, സഹകരണ വീഥി/ സഹകരണ ജേർണൽ
13. www.cooperation.kerala.gov.in
14. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
15. സ്റ്റോക്ക് ഫയൽ 16. സ്പെയർ

//ആജ്ഞാനുസരണം.//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി ).

എൻ.പി/